## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് -മണൽ ലേലം-പിഴപ്പലിശ കുറവ് ചെയ്യുന്നത്-പഞ്ചായത്ത് കമ്മിറ്റി തീരുമാനം സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം. 2025/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 24-7-2012

---

പരാമർശം :- 1. മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 30-3-11 തീയതിയിലെ VI -ാം നമ്പർ തീരുമാനം

2. പഞ്ചായത്ത് ഡയറക്ടറുടെ 15-5-12 തീയതിയിലെ ബി1/6342/12 -ാം നമ്പർ കത്ത്.

### ഉത്തരവ്

ബഹു. കേരള ഹൈക്കോടതിയുടെ WP (C) 21098/2009 മേൽ പുറപ്പെടുവിച്ച വിധിന്യായ പ്രകാരം പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിലെ മണിമലയാറ്റിലെ പള്ളിക്കയം മുതൽ ഈശ്വരമംഗലം വരെയുള്ള ഭാഗത്തെ മണൽ മാറ്റുന്നതിനുള്ള അവകാശം 1996-97 കാലയളവിൽ ലേലത്തിൽ പിടിച്ച ശ്രീ. പി.എ. ചെറിയാൻ, പട്ടേരിൽ, പരിയാരം എന്നയാൾക്ക് നിലവിൽ പഞ്ചായത്തിൽ അടയ്ക്കേണ്ട തുകയ്ക്കുള്ള പിഴപ്പലിശ 18% എന്നതിൽ നിന്നും 10% ആയി കുറവ് വരുത്തി നൽകുന്നതിന് എടുത്ത പഞ്ചായത്തിന്റെ സൂചന (1) പ്രകാരമുള്ള തീരുമാനത്തിന് സാധൂകരണം നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എൻ.ആർ. ശ്രീലേഖ
അണ്ടർ സെക്രട്ടറി.

To

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
സെക്രട്ടറി, മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത്
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.